02.09.2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/09/2023.

1. ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും 35% മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും 50% പഴം പച്ചക്കറി ഉന്തുവണ്ടികൾക്ക് 15,000 രൂപയും 50% ധനസഹായം നൽകുന്നു. കൂടാതെ കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും 50% കൂൺ കൃഷിക്ക് 8 ലക്ഷം രൂപയും 40% കൂൺ വിത്ത്ല്പാദനത്തിന് 6 ലക്ഷം രൂപയും 40% ധനസഹായം നൽകുന്നു കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള, യൂണിവേഴ്സിറ്റി പി. ഒ തിരുവനന്തപുരം- 34 എന്ന വിലാസത്തിലോ 0471 2330856, 2330867, 9188954089 എന്നീ ഫോൺ നമ്പരുകളിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

2. സംസ്ഥാനത്ത് വളർത്തു നായ്ക്കൾക്കും തെരുവ് നായ്ക്കൾക്കും പേവിഷപ്രതിരോധ കുത്തിവെപ്പ് സെപ്റ്റംബർ ഒന്നു മുതൽ ഒരു മാസക്കാലം നീണ്ടു നിൽക്കുന്ന സമഗ്ര പേ വിഷ നിയന്ത്രണ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്നു. മിഷൻ റാബീസ് എന്ന മൃഗക്ഷേമ സംഘടനയുടെ സാങ്കേതിക സഹകരണവും പദ്ധതിക്ക് ഉണ്ടാകുന്നതാണ്. പേവിഷ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിനുവേണ്ടി ആവശ്യമായ വാക്സിനേഷൻ സ്ക്വാഡുകൾ എല്ലാ ജില്ലകളിലും വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് ആരോഗ്യവകുപ്പിൽ നിന്നും പേവിഷപ്രതിരോധ കുത്തിവെപ്പും ലഭ്യമാക്കിയിട്ടുണ്ട്. വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പിന് ശേഷം വാക്സിനേഷൻ സർട്ടിഫിക്കറ്റ് മൃഗാശുപത്രികളിൽ നിന്നും ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നായ ഉടമസ്ഥർക്ക് അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ച പദ്ധതിയുടെ ഭാഗമായാണ് തെരുവുനായ്ക്കളിൽ വാക്സിനേഷൻ നൽകുന്നത് തെരുവ് നായ്ക്കളിൽ വാക്സിനേഷൻ നൽകുന്നതിനായി ആവശ്യമായ ഡോഗ് ക്യാച്ചർ മാരെ കണ്ടെത്തി അവർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് രാവിലെ 11

മണിക്ക് കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണി നിർവഹിക്കുന്നതാണ്.

3. നാളികേര വികസന ബോർഡിന്റെയും കാസർഗോഡ് ഐസിഎആർ-സിപിസിആർഐയുടെയും സംയുക്താഭിമുഖ്യത്തിൽ 25 ാമത് ലോക നാളികേര ദിനാഘോഷം ഇന്ന് കാസർഗോഡ് സിപിസിആർഐ യുടെ പി ജെ ഹാളിൽ സംസ്ഥാന കൃഷി, കർഷക ക്ഷേമ സഹമന്ത്രി കുമാരി. ശോഭ കരന്ദ്‌ലാജെ ഉദ്ഘാടനം ചെയ്യും. അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ (ഐസിസി) സ്ഥാപക ദിനമായ സെപ്റ്റംബർ 2, ഏഷ്യ പസഫിക് മേഖലയിലെ എല്ലാ നാളികേര ഉൽപാദക രാജ്യങ്ങളും വർഷം തോറും ലോക നാളി കേര ദിനമായി ആചരിക്കുന്നു. ഇന്ത്യ ഐസിസിയുടെ സ്ഥാപക അംഗമാണ്. നാളികേരവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുകയും അതുവഴി ഐസിസി അംഗരാജ്യങ്ങളിലെ ചെറുകിട കർഷകരെയും നാളികേര വ്യവസായങ്ങളെയും ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ലോക നാളികേര ദിനം ആചരിക്കുന്നതിന്റെ ലക്ഷ്യം. കേരള, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നുള്ള നാളികേര മേഖലയിലെ കർഷക കൂട്ടായ്മകളെ പ്രതിനിധീകരിച്ച് നാളികേര കർഷകർ പങ്കെടുക്കുന്ന പരിപാടിയുടെ ഭാഗമായി മികച്ച ലാഭത്തോടെ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബിസിനസ്സ് മീറ്റും കാസർഗോഡ് നടക്കും. സാങ്കേതിക സെഷനുകളും, കർഷക കൂട്ടായ്മകൾ നിർദ്ദേശിക്കുന്ന നാളികേര ബിസിനസ്സ് പ്ലാനുകളെക്കുറിച്ചുള്ള പാനൽ ചർച്ചയും ഇതോടൊപ്പം ഉണ്ടായിരിക്കും. 25ലധികം സംരംഭകരുടെ സാങ്കേതികവിദ്യകളുടേയും ഉൽപ്പന്നങ്ങളുടേയും പ്രദർശനവും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്.

**പരിശീലന പരിപാടി**

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7, 8 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് തീറ്റപ്പുൽ കൃഷിയിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആധാർ കാർഡിന്റെയും ബാങ്ക് പാസ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താല്പര്യമുള്ളവർ ഈ മാസം 4ന് വൈകിട്ട് 5 മണിക്ക് മുൻപായി 0495 2414579 എന്ന ഫോൺ നമ്പർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുഖാന്തിരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 4, 5 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് ശുദ്ധമായ പാലുൽപാദനം എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആധാർ കാർഡിന്റെയും ബാങ്ക് പാസ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത യാത്രബത്ത എന്നിവ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2414579 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. **കാർഷിക നിർദ്ദേശം** – റൈസോബിയം ചേർത്ത് നട്ടു 15 ദിവസമായ പയർ ചെടികളിൽ 20 ഗ്രാം യൂറിയ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുന്നതു വിളകളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനു സഹായിക്കുന്നു. രാവിലെയോ വൈകുന്നേരങ്ങളിലോ തളിച്ച് കൊടുക്കാൻ ശ്രദ്ധിക്കണം.

ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം